(സി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം തടസ്സപ്പെടാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(ഡി) തടസ്സങ്ങൾ ഒഴിവാക്കി എപ്പോൾ അവയുടെ നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ചേലക്കര മണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ ഗവൺമെന്റ് ഐ.ടി.ഐ. ദേശമംഗലത്തിന്റെ പ്രവൃത്തി മാത്രമാണ് മുടങ്ങിക്കിടക്കുന്നത്.

(ബി) പ്രസ്തുത പ്രവൃത്തി 4-4-2012-ന് ആരംഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തി 3,01,64,847 രൂപയ്ക്കാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത്.

(സി&ഡി) കരാറുകാരൻ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തിയിരിക്കുകയാണ്. ഈ പ്രവൃത്തി, കരാർ കാലാവധിക്കുള്ളിൽത്തന്നെ പൂർത്തിയാക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകുന്നതാണ്.

പെരപ്പയം പാലത്തിന്റെ ടെണ്ടർ നടപടികൾ

222 (5307) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചടയമംഗലം മണ്ഡലത്തിലെ പെരപ്പയം പാലത്തിന്റെ ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ ടെണ്ടർ നടപടികൾ സത്വരം സ്വീകരിക്കുന്നതിന് ആവശ്യമായ ഉത്തരവ് നൽകുമോ ?

ഉത്തരം

ചടയമംഗലം മണ്ഡലത്തിലെ പെരപ്പയം പാലത്തിന്റെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ മേജർ ജില്ലാ റോഡുകൾ

223 (5308) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി മേജർ ജില്ലാ റോഡുകളായി പ്രഖ്യാപിച്ച് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വന്നിട്ടുള്ള ആകെ എത്ര കിലോമീറ്റർ റോഡുകളാണ് കണ്ണൂർ ജില്ലയിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിൽ മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട് ;

(സി) എങ്കിൽ ഏറ്റെടുത്ത ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വകുപ്പ് ഏറ്റെടുത്തുവെന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 7-1-2012-ലെ സർക്കാർ ഉത്തരവ് നമ്പർ 05/12/പൊ.മ.വ. പ്രകാരം, കണ്ണൂർ ജില്ലയിൽ പുതിയതായി മേജർ ജില്ലാ റോഡുകളായി ആകെ 567.381 കിലോമീറ്റർ റോഡ് പൊതുമരാത്ത് വകുപ്പിന്റെ അധീനതയിൽ വന്നിട്ടുണ്ട്.

(ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ഏറ്റെടുത്ത റോഡുകൾ :

1. ഇരിക്കൂർ-ബ്ലാത്തൂർ റോഡ്	കി.മീ. 2/500 മുതൽ 7/500 വരെ
2. മട്ടന്നൂർ-എടയന്നൂർ റോഡ്	
3. പെരുവമ്പറമ്പ-കല്ലുവയൽ നെല്ലിക്കാംപൊയിൽ റോഡ്	കി.മീ. 1/900 മുതൽ 5/000 വരെ
4. ഉളിക്കൽ-തേർമല-കാഞ്ഞിലേരി കണിയാർവയൽ റോഡ്	കി.മീ. 4/500 മുതൽ 12/000 വരെ
5. എടയന്നൂർ-കാനാട്-എൽ.പി. സ്കൂൾ കരിയാൽമൂല പള്ളിക്കരമുക്ക് റോഡ്	കി.മീ. 0/000 മുതൽ 2/600 വരെ
6. എടയന്നൂർ-കാനാട്-തറമ്മൽ-കീഴല്ലൂർ റോഡ്	കി.മീ. 0/000 മുതൽ 5/700 വരെ

LIBRARY ARCHIVES Kerala Legislative Assembly

7. കല്ല്യാട്-ഈരത്തൂർ-തേർമല റോഡ്	കി.മീ. 0/000 മുതൽ 6/000 വരെ	
8. കൂടാളി-തണ്ടപ്പുറം-ചെക്കിക്കുളം റോഡ്	കി.മീ. 0/000 മുതൽ 3/000 വരെ	
9. മാനന്തേരി-മടപ്പുരൂർ-കണ്ടേരിപ്പൊയിൽ റോഡ്		
10. നീർവേലി-ആയിത്തര പട്ടാരി-കെ.സി.നഗർ റോഡ്	കി.മീ. 0/000 മുതൽ 5/500 വരെ	
11. ചാവശ്ശേരി - നടവനാട് - തലച്ചങ്ങാട് - കണ്ടതോട്-തില്ലങ്കരി റോഡ്	കി.മീ. 0/000 മുതൽ 9/500 വരെ	
12. വെള്ളാപറമ്പ - കരിമ്പാല കോളനി - നിറമ്മൽ - മരുതായിപ്പാലം റോഡ്	കി.മീ. 0/000 മുതൽ 8/000 വരെ	

(സി)

1. ഇരിക്കൂർ-ബ്ലാത്തൂർ റോഡ്	കി.മീ. 2/500 മുതൽ 7/500 വരെ	43 ലക്ഷം രൂപ
2. ഉളിക്കൽ-തേർമല-കാഞ്ഞിലേരി കണിയാർവയൽ റോഡ്	കി.മീ. 4/500 മുതൽ 12/000 വരെ	25 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

3. എടയന്നൂർ-കാനാട്-എൽ.പി. സ്കൂൾ കരിയാൽമൂല പള്ളിക്കരമുക്ക് റോഡ്	കി.മീ. 0/000 മുതൽ 2/600 വരെ	69 ലക്ഷം രൂപ
4. എടയന്നൂർ-കാനാട്-തറമ്മൽ-കീഴല്ലൂർ റോഡ്	കി.മീ. 0/000 മുതൽ 5/700 വരെ	345 ലക്ഷം രൂപ
5. മാനന്തേരി-മടപ്പുരൂർ-കുണ്ടേരിപ്പൊയിൽ റോഡ്	കി.മീ. 0/000 മുതൽ 4/500 വരെ	40 ലക്ഷം രൂപ
10. നീർവേലി-ആയിത്തര പട്ടാരി-കെ.സി.നഗർ റോഡ്	കി.മീ. 0/000 മുതൽ 5/500 വരെ	57 ലക്ഷം രൂപ

അങ്കമാലി ബൈപ്പാസ് നിർമ്മാണം

224 (5309) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കമാലി ബൈപ്പാസ് നിർമ്മാണത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി യോഗം വിളിച്ചുചേർത്തതെന്നാണ്;

(ബി) പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ ഏത് ഏജൻസിയെയാണ് ഏല്പിച്ചിട്ടുള്ളത് ;

(ഡി) പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രസ്തുത ഏജൻസിയെ ഏല്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ഏജൻസി പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് എന്നാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly